# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ജൂൺ 30, വ്യാഴം

നിയമസഭ രാവിലെ 8.30 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**അടിയന്തിര പ്രമേയം**

വിദ്യാർത്ഥികൾക്കുനേരെ നടന്ന പോലീസ് മർദ്ദനം

മി. സ്പീക്കർ: വിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരണ നയത്തിൽ പ്രതിഷേധിച്ച് എസ്.എഫ്.ഐ.-യുടെയും എ.ഐ.വൈ.എഫ്.-ന്റെയും നേതൃത്വത്തിൽ 29-06-2011-ന് നടന്ന പ്രകടനങ്ങൾക്ക് നേരെ പോലീസ് നടത്തിയ അതിക്രമത്തിലും ലാത്തിച്ചാർജ്ജിലും നിയമസഭാംഗമായ ശ്രീ. ആർ. രാജേഷും മറ്റ് യുവജനവിദ്യാർത്ഥി പ്രവർത്തകരായ 100-ഓളം പേരും ഗുരുതരമായ പരിക്കുകളോടെ മെഡിക്കൽ കോളേജ് ആശുപത്രിയിലും ജനറൽ ആശുപത്രിയിലും പ്രവേശിപ്പിക്കപ്പെടുകയും യൂണിവേഴ്സിറ്റി കോളേജ് കാമ്പസിൽ വച്ച് പോലീസ് മർദ്ദനമേറ്റ വിദ്യാർത്ഥിനിയുടെ നില അതീവ ഗുരുതരമായി തുടരുകയും സംസ്ഥാനത്തൊട്ടാകെ വിദ്യാർത്ഥി കൾക്കും യുവജനങ്ങൾക്കും നേരെ പോലീസ് അതിക്രമം തുടരുകയും ചെയ്യുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം

സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ് എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഗവൺമെന്റിന്റെ സ്വാശ്രയ കോളേജ് നയങ്ങൾക്കെതിരെ കഴിഞ്ഞ ദിവസം കേരളത്തിന്റെ പല ഭാഗങ്ങളിലും സമരങ്ങളും പോലീസ് ഇടപെടലുകളും ഉണ്ടായ സംഭവത്തിൽ ഗവൺമെന്റിന് ദുഃഖമുണ്ട്. സ്വാശ്രയ കോളേജ് പ്രവേശനത്തിൽ മുൻഗവൺമെന്റിന്റെ നയങ്ങളിൽനിന്നും ഈ ഗവൺമെന്റ് ഒരിക്കലും പുറകോട്ട് പോയിട്ടില്ല. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ ആത്മാർത്ഥമായ സഹകരണം ഉറപ്പുവരുത്തിക്കൊണ്ട് അതിനനുസരിച്ച് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും വ്യക്തമായ നയം സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യനീതി നിഷേധിച്ചുകൊണ്ട് മെഡിക്കൽ പി.ജി. കോഴ്സുകളിൽ അഡ്മിഷൻ നടത്താൻ മാനേജ്മെന്റുകൾക്ക് കഴിഞ്ഞ ഗവൺമെന്റ് അനുമതി കൊടുത്തതാണ് ഇപ്പോഴുള്ള പ്രശ്നങ്ങൾക്ക് കാരണം. സാമൂഹ്യനീതി നിഷേധിക്കാൻ ഒരു മാനേജ്മെന്റിനേയും ഈ ഗവൺമെന്റ് അനുവദിക്കുകയില്ല. 2011 മേയ് 28-ന് തന്നെ പ്രവേശനത്തിൽ 50:50 അനുപാതം പാലിക്കണമെന്ന് മാനേജ്മെന്റുകളോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ വർഷം അഡ്മിഷൻ കഴിഞ്ഞതിനാൽ സാധിക്കുകയില്ലെന്ന് അവർ വ്യക്തമാക്കുകയുണ്ടായി. സാമൂഹ്യനീതി പാലിക്കാത്ത പരിയാരം മെഡിക്കൽ കോളേജ് മാനേജ്മെന്റിനെതിരെ നടപടി സ്വീകരിക്കാൻ മുൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ വിദ്യാർത്ഥികളെ തെരുവിലിറക്കി അക്രമങ്ങൾ നടത്തുന്ന ഒരു സാഹചര്യമുണ്ടാക്കുന്നത് ശരിയല്ല. കഴിഞ്ഞ ഗവൺമെന്റെടുത്ത നയം

തുടരാനും ഇത് സംബന്ധിച്ച് ഏത് സമയത്തും ചർച്ച ചെയ്യാനും ഈ ഗവൺമെന്റ് തയ്യാറാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്വാശ്രയ കോളേജ് പ്രവേശനം സംബന്ധിച്ച ഇന്നത്തെ നക്ഷത്രചിഹ്നമിട്ട 117-ാം നമ്പർ ചോദ്യത്തിനുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിക്ക് വിരുദ്ധമായിട്ടാണ് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്. മേയ് മാസം 28-ന് തന്നെ ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം മുന്നറിയിപ്പ് കൊടുത്തിട്ടു ണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. പ്രസ്തുത തീരുമാനം നടപ്പാക്കാത്തതിന്റെ ഫലമായിട്ടാണ് ഇപ്പോൾ ഈ വിദ്യാർത്ഥിസമരം ഉണ്ടായിരിക്കുന്നത്. സ്വാശ്രയ പ്രൊഫഷണൽ മാനേജ്മെന്റുകളുമായി ചർച്ച നടത്താൻ നിയോഗിച്ച ഉപസമിതിക്ക് നേതൃത്വം കൊടുത്ത ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി കഴിഞ്ഞവർഷം പിന്തുടർന്ന നയംതന്നെ തുടരട്ടെയെന്ന പ്രസ്താവനയാണ് നടത്തിയിട്ടുള്ളത്. ഈ ഗവൺമെന്റ് ഇന്റർചർച്ച് കൗൺസിലിന്റെ കീഴിലുള്ള കോളേജ് മാനേജ്മെന്റുകൾക്ക് ഇഷ്ടംപോലെ പ്രവേശനം നടത്താനുള്ള ഒത്താശ ചെയ്തുകൊടുത്തിരിക്കുകയാണ്. ഈ നയത്തിന് പ്രതിപക്ഷം അനുകൂലമല്ല. ഇതുസംബന്ധിച്ച് ഈ സഭ ഒന്നിച്ചെടുക്കുന്ന തീരുമാനം നടപ്പാക്കാൻ സാധിക്കണം. ബഹുമാനപ്പെട്ട സ്പീക്കറും ഈ പ്രശ്നത്തിൽ ഇടപെടണം. സ്വാശ്രയ മാനേജ്മെന്റ് പ്രശ്നം സംബന്ധിച്ച വിദ്യാർത്ഥി സമരത്തിൽ ഭരണ-പ്രതിപക്ഷ സംഘടന കളുണ്ടായിരുന്നു. കേരളത്തെ ഞെട്ടിച്ച വിദ്യാർത്ഥി വേട്ടയാണ് ഇന്നലെ തിരുവനന്തപുരത്തും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുമുണ്ടായത്. എൽ.ഡി.എഫ്.-ന്റെ കാലത്തൊന്നും ഈ രീതിയിൽ പ്രവർത്തിക്കാൻ

പോലീസിനെ അനുവദിച്ചിരുന്നില്ല. ഭീകരവാദികളെ നേരിടുന്ന തരത്തിൽ വിദ്യാർത്ഥികളെ നേരിട്ടതിന്റെ ഫലമായി 300-ഓളം വിദ്യാർത്ഥി-യുവജന നേതാക്കന്മാർ പരിക്കേറ്റ് ആശുപത്രിയിലും 150-ഓളം പേർ ജയിലിലുമാണ്. ബസ് കാത്തുനിന്ന യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിനി പോലീസ് മർദ്ദനത്തിൽ തലയ്ക്ക് മാരകമായ പരിക്കേറ്റ് ആശുപത്രിയിലാണ്. നിയമവിരുദ്ധമായി മാവേലിക്കര എം.എൽ.എ.-യെ തല്ലിയ പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ഈ വിഷയം ഒരു നിയമസഭാ കമ്മിറ്റിയെ നിയോഗിച്ച് അന്വേഷിപ്പിക്കുകയും വേണം. ഇന്നലെ തിരുവനന്ത പുരത്ത് വിദ്യാർത്ഥികളുടെ നേരെ നടന്ന അക്രമത്തെക്കുറിച്ചും കേരളത്തിലുടനീളം നടക്കുന്ന വിദ്യാർത്ഥി വേട്ടയെക്കുറിച്ചും ജുഡ്യീഷ്യൽ അന്വേഷണം നടത്തണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 117-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിനുള്ള മറുപടിയാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്. മുഖ്യമന്ത്രി അതുസംബന്ധിച്ച സർക്കാരിന്റെ നയമാണ് വ്യക്തമാക്കിയത്. സ്വാശ്രയ കോളേജ് പ്രവേശനത്തിൽ 50:50 എന്ന അനുപാതം കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചതാണ്. മാതാ അമൃതാനന്ദമയി കോളേജ് കേന്ദ്ര നിയമം ഫോളോ ചെയ്യുന്ന ഡീംഡ് യൂണിവേഴ്സിറ്റിയുടെ കീഴിലായതിനാലാണ് കഴിഞ്ഞ സർക്കാർ ഈ കോളേജിനെ ഒഴിവാക്കിയത്. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഒരു കത്തുപോലും അയച്ചിട്ടില്ല. 50:50 എന്ന അനുപാതത്തെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്സിന്റെ വിധി

ഇന്ന് പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വിഷയത്തിൽ വാദപ്രതിവാദത്തിനുപരി പ്രശ്നപരിഹാരമാണുണ്ടാകേണ്ടത്. പ്രതിപക്ഷവുമായി ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണ്. ഇന്നലെ നടന്ന സംഭവത്തിൽ സർക്കാരിന് ഖേദമുണ്ട്. സമാധാനപരമായി സമരം നടക്കുക യാണെങ്കിൽ യാതൊരു പ്രശ്നവും ഉണ്ടാവുകയില്ല. മാവേലിക്കര എം.എൽ.എ.യ്ക്ക് സെക്രട്ടേറിയറ്റ് പടിക്കൽ ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസിന്റെ നേതൃത്വത്തിലുള്ള പോലീസ്വ്യൂഹം പൂർണ്ണ സംരക്ഷണം നൽകിയിരുന്നു.

(മുഖ്യമന്ത്രി മറുപടി പറഞ്ഞുകൊണ്ടിരിക്കെ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം നടുത്തളത്തിലേയ്ക്കിറങ്ങി മുദ്രാവാക്യം വിളിക്കുകയും രക്തക്കറപുരണ്ട വസ്ത്രങ്ങൾ ഉയർത്തിക്കാണിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ സീറ്റിനരികിൽ ചെന്ന് ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നതിനെ ത്തുടർന്ന് രാവിലെ 10.20-ന് നിറുത്തിവച്ച സഭ ഉച്ചയ്ക്കുശേഷം 12.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഇന്ന് സഭയിൽ നടന്ന സംഭവങ്ങൾ അത്യന്തം ഖേദകര മാണ്. അടിയന്തിരപ്രമേയത്തിന് മുഖ്യമന്ത്രി മറുപടി പറയുമ്പോൾ സഭാംഗ മായ ശ്രീ. ബാബു എം. പാലിശ്ശേരിയുടെ നേതൃത്വത്തിൽ ഏതാനും അംഗങ്ങൾ സഭയുടെ നടുത്തളവും കടന്ന് മുഖ്യമന്ത്രിയുടെ സമീപംവരെ എത്തി. പ്രതിപക്ഷ നേതാവിന്റെ അടുത്തേയ്ക്കോ മുഖ്യമന്ത്രിയുടെ അടുത്തേയ്ക്കോ ഒറ്റയ്ക്കും കൂട്ടായും വന്ന് മുദ്രാവാക്യം വിളിക്കുന്നതും ആക്രോശിക്കുന്നതും ശരിയല്ല. സഭയുടെ അന്തസ്സിന് നിരക്കാത്ത ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാൻ പാടില്ല. സഭയിൽ അംഗങ്ങളുടെ എല്ലാ

അവകാശങ്ങളും പൂർണ്ണമായും സംരക്ഷിക്കുന്നതിന് ചെയർ ബാധ്യസ്ഥനാണ്. സഭാംഗമായ ശ്രീ. ആർ. രാജേഷിനെ പോലീസ് മർദ്ദിച്ച വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയാണ് മുഖ്യമന്ത്രി സംസാരിക്കുന്ന തിനിടയിൽ അടിയന്തിരപ്രമേയ വേളയിൽ ചോദ്യങ്ങൾ ചോദിക്കുന്നതിന് അനുവദിച്ചത്. സഭാനേതാവായ മുഖ്യമന്ത്രിയുടെ വളരെ അടുത്തുവന്നു നിന്ന് ആക്രോശിക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തത് കേരള നിയമസഭയ്ക്കും ഭരണ-പ്രതിപക്ഷങ്ങൾക്കും ജനാധിപത്യത്തിന്റെ ശ്രീകോവിലിനും അപമാനകരമാണ്. വളരെ ഗൗരവതരമായി ഈ സംഭവത്തെ ചെയർ കാണുന്നു. 31-03-2010-ൽ നിലവിൽവന്ന നിയമസഭാ സാമാജികരുടെ പെരുമാറ്റച്ചട്ടത്തിന്റെ പൂർണ്ണമായ ലംഘനമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് ശ്രീ. ബാബു എം. പാലിശ്ശേരിയെ വളരെ ശക്തമായ ഭാഷയിൽ താക്കീത് ചെയ്യുന്നു. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ഇനിയും ആവർത്തി ച്ചാൽ കർശനമായ നടപടികൾ സ്വീകരിക്കുവാൻ ചെയർ ബാദ്ധ്യസ്ഥമാകും.

(അടിയന്തിര പ്രമേയം-തുടർച്ച)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സ്വാശ്രയ കോളേജിന്റെ കാര്യത്തിൽ സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ ഒരു നയമാണ് ഗവൺമെന്റ് സ്വീകരിച്ചി ട്ടുള്ളത്. നാളെ വൈകുന്നേരംവരെ വിദ്യാർത്ഥികളെ അഡ്മിറ്റ് ചെയ്യാനുള്ള സമയം അനുവദിച്ചുകൊണ്ട് സുപ്രീംകോടതിയുടെ വിധിവന്ന് ഒരു മണിക്കൂറിനകം കൗൺസിലിംഗ് തുടങ്ങിക്കഴിഞ്ഞു. ഹൈക്കോടതി വിധി കൂടി അനുകൂലമായാൽ ഉദ്ദേശിക്കുന്ന രീതിയിൽ കാര്യങ്ങൾ മുന്നോട്ടു പോകും. ഭരണ-പ്രതിപക്ഷ അംഗങ്ങൾ സാമൂഹ്യ നീതിയും ന്യൂനപക്ഷ സംരക്ഷണവും സമന്വയിപ്പിച്ചുകൊണ്ടുള്ള സമീപനം സ്വീകരിക്കണം.

കഴിഞ്ഞ അഞ്ചുകൊല്ലക്കാലം ഗവൺമെന്റിന്റെ നയത്തിന് എതിരായി നിന്ന സ്വാശ്രയ മാനേജുമെന്റുകൾക്ക് വീണ്ടും അനുമതി കൊടുത്തത് ശരിയല്ല. ഈ കാര്യത്തിൽ ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ച് ഗവൺമെന്റ് മുന്നോട്ടുപോകും. ഇന്നലെ ശ്രീ. ആർ. രാജേഷ്, എം.എൽ.എ.യ്ക്ക് സെക്രട്ടേറിയറ്റ് പടിക്കൽ ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസിന്റെ നേതൃത്വത്തിൽ സംരക്ഷണം കൊടുക്കുകയാണ് ചെയ്തത് എന്നാണ് ഗവൺമെന്റിന് ലഭ്യമായ റിപ്പോർട്ട്. ഇതുസംബന്ധിച്ച് വീണ്ടും അന്വേഷിക്കുന്നതാണ്. സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

**വ്യക്തിപരമായ വിശദീകരണം**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സ്വാശ്രയ പ്രൊഫഷണൽ കോളേജ് മാനേജുമെന്റുമായി കാബിനറ്റ് സബ്കമ്മിറ്റി നടത്തിയ ചർച്ചയിൽ പി.ജി. പ്രവേശനത്തിന് കഴിഞ്ഞ വർഷം പിന്തുടർന്ന നയംതന്നെ അനുവർത്തിക്കാമെന്ന് സമ്മതിച്ചതായി എന്നെ പരാമർശിച്ചുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ സംസാരിച്ചത് ശരിയല്ല. എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് തുടങ്ങി എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും യു.ഡി.എഫ്.-ന്റെ പ്രഖ്യാപിത നയത്തിനകത്ത് നിന്നുകൊണ്ട് സാമൂഹ്യനീതി ഉറപ്പുവരുത്തി ഫീസിനെ സംബന്ധിച്ചും അഡ്മിഷനെ സംബന്ധിച്ചും ഒരു ഏകീകൃത നയം രൂപീകരിക്കുവാൻ കഴിയുമോ എന്നുള്ളതാണ് ചർച്ച ചെയ്തത്. അതുസംബന്ധിച്ച് തീരുമാനമായില്ല. എഞ്ചിനീയറിംഗ്, എം.ബി.ബി. എസ്.കോഴ്സുകളെ സംബന്ധിച്ച് കഴിഞ്ഞ വർഷത്തെ നയം പിൻതുടരുമെന്നാണ് പറഞ്ഞത്.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : ഗവൺമെന്റ് നയത്തിൽ പ്രതിഷേധിച്ച് തിരുവനന്തപുരത്തും സംസ്ഥാനത്താകെയും വിദ്യാർത്ഥികൾ നടത്തിയ പ്രക്ഷോഭ സമരത്തിനുനേരെ പോലീസ് ക്രൂരമായ മർദ്ദനങ്ങൾ അഴിച്ചുവിടുകയാണ് ചെയ്തത്. ശ്രീ. ആർ. രാജേഷ്, എം.എൽ.എ.-യ്ക്ക് വേണ്ട സംരക്ഷണം നൽകിയിരുന്നുവെന്ന റിപ്പോർട്ടാണ് പോലീസിൽനിന്ന് ലഭിച്ചതെന്നാണ് അത് സംബന്ധിച്ച് മുഖ്യമന്ത്രി പറഞ്ഞത്. എന്നാൽ പോലീസ് വളഞ്ഞുപിടിച്ച് ഏറ്റവും ക്രൂരമായ നിലയിൽ മർദ്ദിക്കുക യാണ് ചെയ്തത്. ഇതുപോലുള്ള സംഭവത്തെ സംബന്ധിച്ച പോലീസ് റിപ്പോർട്ട് ഇത്തരത്തിലാണെങ്കിൽ കേരളത്തിലെ ഭരണകക്ഷിയിലുള്ള എം. എൽ.എ.-മാർക്ക് ഉണ്ടാകാൻ പോകുന്ന അനുഭവങ്ങൾ മറിച്ചായിരിക്കില്ല. പോലീസിന്റെ ഇത്തരം നടപടിയെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി കാണുമെന്ന സൂചനപോലും ഇല്ലാത്തത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം അംഗീകരിക്കാൻ സർക്കാർ തയ്യാറാകാത്ത സാഹചര്യത്തിൽ ഇന്നത്തെ സഭാനടപടികളിൽ സഹകരിക്കാൻ ബുദ്ധിമുട്ടുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരു ന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ നിയമ നിർമ്മാണ നടപടിയിലേയ്ക്ക് കടന്നു.)

**നിയമനിർമ്മാണകാര്യം**

2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഹൈബി ഈഡനുവേണ്ടി (ശ്രീ. വി.ഡി. സതീശൻ) : 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-07-2011 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ നെല്ലിക്കുന്ന്</u> : 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 12.50-ന് പിരിഞ്ഞു.